# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2518 — 11/10/2011 ന് മറുപടി നൽകേണ്ടിയിരുന്നത്

## ഒഴിവുകൾ നികത്തുന്നതിന് സമയബന്ധിത നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) 31.3.2011-ന് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകളാണ് റവന്യൂ വകുപ്പിൽ ഇപ്പോൾ നികത്തപ്പെടാതെ കിടക്കുന്നത്; | (എ) | റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടറുടെ 27 ഒഴിവുകളും തഹസീൽദാർമാരുടെ 29 ഒഴിവുകളും ഉണ്ട്. |
| (ബി) വില്ലേജ് ഓഫീസർമാർ മുതലുള്ള ഒഴിവുകൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വില്ലേജ് ഓഫീസർ, ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. തഹസീൽദാർമാരുടെ 29 ഒഴിവുകളും ഡെപ്യൂട്ടി കളക്ടറുടെ 27 ഒഴിവുകളും ഉണ്ട്. |
| (സി) യഥാസമയം ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; | (സി) | സീനിയോറിറ്റി സംബന്ധിച്ച് ഹൈ - ക്കോടതിയിൽ വിവിധ കേസുകൾ നിലനിന്നിരുന്നതിനാലാണ് ഡെപ്യൂട്ടി - കളക്ടർ, തഹസീൽദാർ തസ്തികകളിലുണ്ടായിരുന്ന ഒഴിവുകൾ നികത്താൻ കഴിയാതിരുന്നത്. ടി കേസുകളിൽ ഇപ്പോൾ ഹൈ - ക്കോടതിവിധി വന്നിട്ടുള്ളതിനാൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;<br><br>(ഇ) ഒഴിവുകൾ എന്ന് നികത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) & (ഇ) | ബഹു: ഹൈക്കോടതിയുടെ റിട്ട് ഹർജി 7711/2009 ന്റെ 27/09/2011 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾക്കു വിധേയമായി ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ടി ലിസ്റ്റ് അന്തിമമാക്കി തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ